"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - മലപ്പുറം ജില്ലയിലെ വണ്ടൂർ, വളാഞ്ചേരി പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിന്റെ ഭാഗമായി കല്ലിടൽ ചടങ്ങ് നടത്തിയ വകയിൽ ചെലവായ തുക - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1389/2026/HOME തീയതി,തിരുവനന്തപുരം, 21-04-2026

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 02.03.2026 തീയതിയിലെ എച്ച്12-41333/2026/പി.എച്ച്.ക്യൂ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ വണ്ടൂർ, വളാഞ്ചേരി പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിന്റെ ഭാഗമായി കല്ലിടൽ ചടങ്ങ് നടത്തിയ വകയിൽ ചെലവായ 60,105/- രൂപ 2055-00-109-99-00-34-OC-03-Other Items എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്ന് പരാമർശിത കത്തു പ്രകാരം സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് ശീർഷകത്തിൽ മതിയായ തുക നീക്കിയിരിപ്പില്ലാതെ മലപ്പുറം ജില്ലയിലെ വണ്ടൂർ, വളാഞ്ചേരി പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിന്റെ ഭാഗമായി കല്ലിടൽ ചടങ്ങിനായി 60,105/-രൂപ (അറുപതിനായിരത്തി ഒരുന്നൂറ്റിയഞ്ച് രൂപ മാത്രം) ചെലവാക്കിയ നടപടി സാധൂകരിച്ച് കൊണ്ടും, നടപ്പ് സാമ്പത്തിക വർഷത്തെ 2055-00-109-99-00-34 OC-03 Other Items എന്ന ശീർഷകത്തിലെ ബജറ്റ് പ്രൊവിഷനിൽ നിന്നും പ്രസ്തുത തുക അനുവദിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
ജോയിന്റ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (31.03.2026 ലെ (E.3461037):വ്യയം-എ3/266/2026-ധന പ്രകാരം)
ഡയറക്ടർ, ഐ&പി.ആർ.ഡി. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Divya R S
സെക്ഷൻ ഓഫീസർ
Date: 22-04-2026 14:19:22